# കുടംബശ്രീ ജില്ലാമിഷൻ പത്തനംതിട്ട

# സ്ത്രീ പദവി സ്വയം പഠനപ്രക്രിയ

## വൾണറബിലിറ്റി മാപ്പിംഗ്

### നാറാണമൂഴി

വൾണറബിലിറ്റി മാപ്പിംഗിലൂടെ സ്ത്രീകൾ നടന്ന് ചെല്ലാൻ കഴിയാത്ത തരത്തിൽ കുത്തനെയുള്ള പടികളോടു കൂടിയ സ്ഥലത്തായിരുന്നു കുടുംബശ്രീ സി.ഡി.എസ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. വൾറബിലിറ്റി മാപ്പിംഗിന്റെ ഭാഗമായി എല്ലാവർക്കും എത്തിപ്പെടാൻ പറ്റുന്ന തരത്തിൽ റോഡ് സൈഡിലായി കുടുംബശ്രീയ്ക്ക് പുതുതായി ഓഫീസ് പണിത് നൽകണമെന്ന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസിന് അരുകിലായി കുടുംബശ്രീ സി.ഡി.എസ് ഓഫീസിനും വിപണന കേന്ദ്രത്തിനുമായി 40 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി. ഇപ്പോൾ ഇതിനായി സ്ഥലം ഏറ്റെടുക്കുകയും പണി മാർച്ച് മാസത്തോടെ ആരംഭിക്കുകയും ചെയ്യും.

പഞ്ചായത്ത് ബസ്സ്റ്റാന്റ് പൊടിപടലങ്ങളാൽ മോശപ്പെട്ട അവസ്ഥയിലായിരുന്നു. പൊടി പടലം കാരണം യാത്രക്കാർക്ക് ബസ്സ് സ്റ്റാൻഡിൽ കയറാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. വൾണറബിലിറ്റി മാപ്പിംഗിലൂടെ ഈ പ്രശ്നം ചൂണ്ടിക്കാട്ടുകയും പഞ്ചായത്ത് 5 ലക്ഷം രൂപ മുതൽ മുടക്കിൽ ബസ് സ്റ്റാൻഡ് ടോയ്‌ലറ്റ് സൗകര്യത്തോടെ പുതുക്കി പണിയുകയും ഇതിന്റെ ഉദ്ഘാടനം മാർച്ച് മാസത്തിൽ സംഘടിപ്പിക്കുകയും ചെയ്തു.

ആദിവാസി മേഖലയിൽ വനം വിഭവങ്ങൾ ശേഖരിക്കുന്നതിന് ആദിവാസികൾക്ക് പലപ്പോഴും വനവകുപ്പിന്റെ അനുമതി ലഭ്യമാകാത്തതിനാൽ ഇത് വൾണറബിലിറ്റി മാപ്പിംഗിലൂടെ ചൂണ്ടിക്കാട്ടുകയും പഞ്ചായത്ത് ഭരണസമിതി ഇത് ഒരു പ്രധാന പ്രശ്നമായി കൈകൊള്ളുകയും ആദിവാസിമേഖലയിൽ വനവിഭവങ്ങൾ ശേഖരിക്കുന്നതിന് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള നടപടിയിലേക്ക് പോകുന്നതിനായി ആദ്യ യോഗം കൂടുകയും ചെയ്തു.

ആദിവാസി മേഖലയിലെ കുട്ടികളെ സർക്കാർ സംവിധാനത്തിൽ ഉദ്യോഗം ലഭ്യമാക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി പി.എസ്.സി കോച്ചിംഗ് സെന്റർ അടിച്ചിപ്പുഴ അഗ്രോ സെന്ററിൽ പ്രവർത്തനം ആരംഭിച്ചു.

വൾണറബിലിറ്റി മാപ്പിംഗിന്റെ ഭാഗമായി എസ്സ്.റ്റി മേഖലയിൽ സംഘടിപ്പിച്ച ചർച്ചയിലൂടെ കണ്ടെത്തിയ ഒരു പ്രധാന വിഷയമായിരുന്നു സംരംഭ മേഖലയിൽ താല്പര്യമുള്ള എസ്.സി, എസ് റ്റി സമുദായത്തിൽപ്പെട്ടവർക്ക് അവസരങ്ങൾ ലഭ്യമാകാത്തത്. വളരെ അധികം പരമ്പരാഗത തൊഴിൽ കൈവശമുള്ള ഇവർക്ക് പലപ്പോഴും പഞ്ചായത്ത് തലത്തിലും മറ്റും സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിന് ഗതാഗത സൗകര്യക്കുറവും മറ്റും കാരണം സാധിക്കാറില്ലായിരുന്നു. ആയതിനാൽ എല്ലാവരും ആവശ്യപ്പെട്ടത് തങ്കളുടെ പ്രദേശത്ത് പരിശീലനങ്ങൾ ലഭ്യമാക്കുന്ന പക്ഷം സംരംഭങ്ങൾ ചെയ്യാൻ കഴിയും. ഇതിന്റെ അടിസ്ഥാനത്തിൽ എസ് റ്റി മേഖലയിൽ രണ്ട് കേറ്ററിംഗ് യൂണിറ്റും എസ് സി മേഖലയിൽ ഒരു കഫേ യൂണിറ്റും ആരംഭിച്ചു. ജനറൽ മേഖലയിൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

കൂടാതെ ആട്, കോഴി, പശു എന്നിവയെ വളർത്താൻ എസ്സ്.റ്റി മേഖലയിൽ ഉള്ളവർ വളരെയധികം താൽപര്യം പ്രകടിപ്പിച്ചിരുന്നു. ക്ഷീരസാഗരം പദ്ധതിയിൽ 25 അംഗങ്ങളെ ഉൾപ്പെടുത്തി പത്ത് യൂണിറ്റ് ആരംഭിച്ചു. ആട് ഗ്രാമം പദ്ധതിയിൽ എസ് റ്റി മേഖയിൽ അഞ്ച് യൂണിറ്റ് ആരംഭിച്ചു. ജനറൽ കാറ്ററിൻ യൂണിറ്റിനായി ശ്രമം നടന്നു കൊണ്ടിരിക്കുന്നു. ഇറച്ചിക്കോഴി വളർത്തൽ അഞ്ച് യൂണിറ്റുകളെ കണ്ടെത്തുകയും ഒരു യൂണിറ്റ് പ്രാവർത്തികമാക്കുകയും ചെയ്തു.

കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായ ഒരു പഞ്ചായത്തായിരുന്നു നാറാണമൂഴി. 2017 മാർച്ച് 20 ന് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തപ്പെട്ട അവലോകനയോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കുടിവെള്ള പ്രശ്നം പൂർണ്ണമായി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും എന്നറിയിച്ചിരുന്നു. പഞ്ചായത്തിലുടനീളം കുടിവെള്ളം എത്തിക്കുന്നതിനായി പെരുനാട് – നാറാണമൂഴി പഞ്ചായത്തുകൾ സംയുക്തമായി ജപ്പാൻ കുടിവെള്ള പദ്ധതി ആരംഭിക്കുകയും പൈപ്പ് ലൈൻ കണക്ഷൻ ഇടുകയും കുടിവെള്ള സംഭരണി പഞ്ചായത്തിലെ 3–ാം വാർഡായ ചെമ്പനോലി കേന്ദ്രീകരിച്ച് 2017 സെപ്തംബർ മാസത്തോടെ ആരംഭിക്കുകയും അടുത്ത വർഷം മാർച്ച് മാസത്തോടെ പൈപ്പ് ലൈൻ ഉൾപ്പെടെ പണി പൂർത്തീകരിക്കുകയും ചെയ്യും.

## നെടുമ്പ്രം

നൂതന സംരംഭങ്ങൾ ആരംഭിക്കണം എന്ന ലക്ഷ്യത്തിൽ – കൊപ്ര പ്രോസസിംഗ് യൂണിറ്റ് , ധാന്യം പൊടിച്ച് നൽകുന്ന യൂണിറ്റ്, എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു.

ജീവിത ശൈലി രോഗങ്ങൾ ഉള്ളവരുടെ എണ്ണം പഞ്ചായത്തിൽ വളരെ കൂടുതലാണെന്ന് വൾണറബിലിറ്റി മാപ്പിംഗിലൂടെ കണ്ടെത്താൻ സാധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും യോഗ പരിശീലനം സംഘടിപ്പിക്കുവാൻ പദ്ധതിയിടുകയും പരിശീലനം നടന്നുവരുകയും ചെയ്യുന്നു.

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യം വൾണറബിലിറ്റി മാപ്പിംഗിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ട ഫോക്കസ് ഗ്രൂപ്പ് ചർച്ചയിലൂടെ കണ്ടെത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 18 വയസ്സിന് താഴെയുള്ള പെൺകുട്ടികൾക്കായി കരട്ടേ പരിശീലനം സംഘടിപ്പിക്കുന്നതിന് പദ്ധതിയിടുകയും ഐ.സി.ഡി.എസ്സിനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഒരു ലക്ഷം രൂപ വകയിരുത്തിയ പദ്ധതി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ഇതുവരെ സാധ്യമായിട്ടില്ല.

വൾണറബിലിറ്റി മാപ്പിംഗിലൂടെ അംഗനവാടി തലത്തിലെ പ്രധാന കണ്ടെത്തലായിരുന്നു അംഗനവാടി കുട്ടികൾക്ക് കളിക്കുന്നതിനും മറ്റുമായി വേണ്ടത്ര കളിക്കോപ്പുകൾ ലഭ്യമല്ല എന്നത്. ഇതിനായി പഞ്ചായത്ത് പദ്ധതി വിഹിതത്തിൽ രണ്ടു ലക്ഷം രൂപ വകയിരുത്തുകയും കളിക്കോപ്പുകൾ അംഗൻവാടികൾക്ക് വാങ്ങി നൽകുകയും ചെയ്തു. അംഗനവാടിയുടെ ഭൗതീക സാഹചര്യം മെച്ചപ്പെട്ട നിലയിൽ അല്ലെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ആറ് ലക്ഷം രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്തു വരുന്നു.

കർഷകരുടെ മാത്രമായ ഫോക്കസ് ഗ്രൂപ്പ് ചർച്ചയിൽ കൃഷിയിൽ താൽപര്യമുള്ള അംഗങ്ങൾ ധാരാളം പഞ്ചായത്തിൽ ഉണ്ടെങ്കിലും കൃഷി ചെയ്യാനായി സ്വകാര്യ വ്യക്തികളുടെ തരിശ് ഭൂമി വിട്ടുകിട്ടാത്തത് ഒരു പ്രശ്നമായി കൃഷിക്കാർ ചൂണ്ടിക്കാട്ടിയിരുന്നു. കരനെൽകൃഷിക്കായി 40000/- രൂപ വകയിരുത്തുകയും മുൻപ് കൃഷിചെയ്ത് പരിചയസമ്പന്നരായ കൃഷിക്കാരെ ഉൾപ്പെടുത്തി കൃഷി ചെയ്യുകയും ചെയ്തു.

വൾണറബിലിറ്റി മാപ്പിംഗിലൂടെ കൃഷിമേഖലയിലെ വലിയ കണ്ടെത്തലായിരുന്നു കരിമ്പ് കൃഷിയുടെ സാധ്യത. കരിമ്പ് കൃഷി വളരെ മുമ്പ് പഞ്ചാ

യത്തിൽ വളരെ സുലഭമായിരുന്നു. എന്നാൽ അപ്പർ കുട്ടനാട് ഏരിയയായ പഞ്ചായത്ത് പ്രദേശം വെള്ളപ്പൊക്കം മൂലം കൃഷി പലപ്പോഴും വളരെ നഷ്ട ത്തിലാക്കി. ഇത് വളരെ ദയനീയമായ കാഴ്ചയായിരുന്നു. കൂടാതെ അട്ട ശല്യവും വളരെ രൂക്ഷമായിരുന്നു. കരിമ്പ് കൃഷിയ്ക്ക് വളരെ അനുയോജ്യ മായ സ്ഥലമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കരിമ്പ് കൃഷി പുന രുദ്ധാരണത്തിനായി 2 ലക്ഷം രൂപ വകയിരുത്തുകയും 15 കർഷകരെ ഉൾപ്പെ ടുത്തി കരിമ്പ് കൃഷി പുനരാരംഭിക്കുകയും ചെയ്തു.

കൂൺ കൃഷി, കോഴി വളർത്തൽ, ആട് വളർത്തൽ, തുണി സഞ്ചി നിർമ്മാണ യൂണിറ്റ്, കുടിവെള്ളം, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് ടി പദ്ധ തികളുടെ ആസൂത്രണം നടന്നുവരുന്നു.